# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 14**

---

## എം.ജി. ബിരുദ ഏകജാലകം;ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ബിരുദ ഏകജാലക പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അപേക്ഷ സമർപ്പിച്ചവർക്ക് ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ജൂൺ 16 വരെ സൗകര്യമുണ്ടായിരിക്കും.

പേര്, ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇ മെയിൽ വിലാസം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, സംവരണ വിഭാഗം എന്നിവയിൽ ഒഴികെയാണ് തിരുത്തൽ വരുത്താൻ കഴിയുക.

ഇതുവരെ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്കും ഫീസ് അടച്ച ശേഷം അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും ജൂൺ 16 വരെ അപേക്ഷ നൽകാം.

കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിലേക്ക് അപേക്ഷിച്ചവർക്ക് ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ പുതുതായി അപേക്ഷിക്കുന്നതിനും ഈ സമയപരിധിയിൽ അവസരമുണ്ട്. ഇതിന് കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ട ലോഗിൻ ഓപ്ഷനാണ് ഉപയോഗിക്കേണ്ടത്.

(പി.ആർ.ഒ/39/651/2023)

## സർട്ടിഫിക്കറ്റ് കോഴ്സുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന കൗൺസലിംഗ്, ഓർഗാനിക് ഫാമിംഗ്, മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബിലിറ്റീസ്, യോഗിക് സയൻസ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളിൽ പ്രവേശനം ജൂൺ 20 മുതൽ വിവിധ തീയതികളിൽ നടക്കും.

കൗൺസലിംഗ്, മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബിലിറ്റീസ്, യോഗിക്

സയൻസ് എന്നീ കോഴ്സുകൾക്ക് പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ്ടു ആണ് അടിസ്ഥാന യോഗ്യത. കോഴ്സ് ഫീസ് 5200 രൂപ. ഈ കോഴ്സുകളുടെ പ്രവേശനം യഥാക്രമം ജൂൺ 20, 22, 23 തീയതികളിൽ നടക്കും.

മലയാളം എഴുതാനും വായിക്കാനും അറിയുന്ന 18 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് ഓർഗാനിക് ഫാമിംഗിന് കോഴ്സിന് അപേക്ഷിക്കാം. കോഴ്സ് ഫീസ് 5200 രൂപ. ഏതെങ്കിലും തിരിച്ചറിയൽ രേഖ ഉണ്ടായിരിക്കണം. പ്രവേശന തീയതി ജൂൺ 21.

അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ, കോഴ്സ് ഫീസ് എന്നിവ സഹിതം ഡിപ്പാർട്ട്മെന്റിൽ എത്തണം. ഫോൺ: 08301000560

(പി.ആർ.ഒ/39/652/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.ടെക് - നവംബർ 2022(പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെൻററിയും മെഴ്സി ചാൻസും) പരീക്ഷകൾ ജൂലൈ അഞ്ചിനു തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/653/2023)

## പുതുക്കിയ ടൈം ടേബിൾ

ഒന്നാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് - മാർച്ച് 2023(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021,2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ജൂൺ 13 മുതൽ നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷകളുടെ പുതുക്കിയ ഷെഡ്യൂൾ സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/654/2023)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബി.എ കഥകളി വേഷം - ഫെബ്രുവരി 2023(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 21നു തൃപ്പൂണിത്തുറ, ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്ട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................................

2023 ഫെബ്രുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ എം.എ

ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, സിനിമ & ടെലിവിഷൻ, പ്രിൻറ് ആൻറ് ഇലക്ട്രോണിക്ക് ജേണലിസം(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19 മുതൽ നടക്കും. ടൈംടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/655/2023)

## <u>പരീക്ഷാ ഫലം</u>

പഞ്ചവത്സര എൽ.എൽ.ബി (1998,1999 ആനുവൽ സ്കീം) അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ്- മെയ് 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/656/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**